**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 595 - 06.02.2013-ലെ മറുപടിക്ക്**

**വിദ്യാഭ്യാസ വായ്പാ പലിശ**

| **ചോദ്യം**<br>ശ്രീ. എം. പി. വിൻസെന്റ് | **ഉത്തരം**<br>**ശ്രീ. കെ. എം. മാണി**<br>(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വിദ്യാഭ്യാസവായ്പാ പലിശ ഇളവു ചെയ്യുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | 18.10.2012-ലെ 36/12/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ ബി.പി.എൽ വിഭാഗത്തിലുള്ളവരുടെ വിദ്യാഭ്യാസ വായ്പയുടെ പലിശബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്തുകൊണ്ട് ഉത്തരവായിരുന്നു. ഇതുസംബന്ധിച്ച വിശദമായ മാർഗനിർദ്ദേശങ്ങൾ 15.12.2012-ലെ 42/12/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) വിദ്യാഭ്യാസ വായ്പാ വ്യവസ്ഥകൾ ഇളവു ചെയ്യാൻ നടപടി സ്വീകരിക്കുമോ? | ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ നിർദേശ പ്രകാരമാണ് പൊതുമേഖലാ ബാങ്കുകളും ദേശസാൽകൃതബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകുന്നത്. ഈ വിഷയം സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലല്ല. എന്നിരുന്നാലും വിദ്യാർത്ഥികളുടെ ആവശ്യത്തിന് അനുസൃതമായി വിദ്യാഭ്യാസ വായ്പാ വ്യവസ്ഥകളിൽ ഇളവ് വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ.